# കത്തുകൾ




## ഇസ്‌ലാമിക് ബാങ്കിംഗ്, ഇൻഷുറൻസ്

**ഇസ്‌ലാമിക** ബാങ്കുകൾക്ക് വലിയ സ്വീകാര്യതയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. അമേരിക്കയും യൂറോപ്പും കേന്ദ്രീകരിച്ചുള്ള സാമ്പ്രദായിക ബാങ്കുകൾപോലും പലിശരഹിത ഇസ്‌ലാമിക് ബാങ്കിംഗ് ഇടപാടുകൾക്കായി പ്രത്യേക കൗണ്ടറുകൾ തുറന്നുകൊണ്ടിരിക്കുന്നു. പലിശാധിഷ്ഠിത ബാങ്കുകൾ പലതും ഇസ്‌ലാമിക ബാങ്കുകളായി മാറുകയും ചെയ്യുന്നുണ്ട്. പലിശയുടെ നീരാളിപ്പിടുത്തമില്ല എന്നതു തന്നെയാണ് ഉപഭോക്താവിന് ലഭ്യമാകുന്ന ഏറ്റവും വലിയ നേട്ടം. പലിശയിനത്തിൽ ലഭിക്കുന്നതിനെക്കാൾ കൂടുതൽ നിക്ഷേപകന് ലാഭമിനത്തിൽ കിട്ടുന്നു. വായ്പ വാങ്ങുന്നവനാകട്ടെ പലിശയും കൂട്ടുപലിശയുമായി ഒരിക്കലും ഒടുങ്ങാത്ത കടക്കെണിയിൽ ചെന്നുചാടുന്നുമില്ല. കേരളത്തിലും പരീക്ഷിച്ച് നോക്കാവുന്ന അനുകരണീയ മാതൃകയാണ് ബംഗ്ലാദേശ് ഇസ്‌ലാമിക് ബാങ്ക് (ലക്കം: 38).

ഇൻഷുറൻസിനെക്കുറിച്ചും ലോകവ്യാപകമായി ചർച്ച നടക്കുന്നു. പല രാജ്യങ്ങളും ഇസ്‌ലാമിക് ഇൻഷുറൻസ് പ്രാവർത്തികമാക്കിയിട്ടുണ്ട്. ഇസ്‌ലാമിക സാമ്പത്തിക ക്രമത്തിലധിഷ്ഠിതമായി എല്ലാവിധ പോളിസികളും ഇസ്‌ലാമിക് ഇൻഷുറൻസിലുമുണ്ട്. യു.എ.ഇയിലുള്ള ഐ.എ.ഐ.സി, സുഡാനിലും തുർക്കിയിലുമുള്ള അൽബറക ഇൻഷുറൻസ് കമ്പനി എന്നിവ ഉദാഹരണങ്ങൾ. 'ഇൻഷുറൻസും ഇസ്‌ലാമിക നിയമങ്ങളും' എന്ന ടി.കെ യൂസുഫിന്റെ ലേഖനത്തിനനുബന്ധമായി ഇസ്‌ലാമിക് ഇൻഷുറൻസ് സംബന്ധമായി വിശദമായ പഠനങ്ങൾ പ്രതീക്ഷിക്കുന്നു.

**അബ്ദുർറസ്സാഖ് എടവനക്കാട്, ജിദ്ദ**

## കച്ചവട സകാത്തും മൂലധനവും

**കച്ചവടത്തിന്റെ** സകാത്ത് കണക്കാക്കുന്നതിന് പൊതുവെ അവലംബിക്കുന്ന രീതി സ്റ്റോക്ക്+ലാഭം+കിട്ടുമെന്നുറപ്പുള്ള കടം എന്നിങ്ങനെയാണ്. ഇതിൽ കടത്തിന്റെ കാര്യത്തിൽ അഭിപ്രായാന്തരങ്ങൾ ഉന്നയിക്കപ്പെടാറുണ്ടെങ്കിലും കച്ചവടത്തിന്റെ സകാത്ത്, മൂലധനം ഒഴിവാക്കി ലാഭത്തിനു മാത്രം നൽകിയാൽ മതിയെന്ന് ആരും പറഞ്ഞതായി അറിവില്ല. എന്നാൽ അടുത്തിടെയായി ഇക്കാര്യത്തിൽ നൂതനമായ ഒരു 'ഇജ്തിഹാദ്' കേട്ടുതുടങ്ങിയിരിക്കുന്നു. അതനുസരിച്ച് കച്ചവടത്തിന്റെ മൂലധനത്തിന് നേരത്തേ, അതായത് കച്ചവടം തുടങ്ങുന്ന വേളയിലല്ലാതെ വർഷം പ്രതി സകാത്ത് നൽകേണ്ടതില്ല. അഥവാ ഏത് കച്ചവടമായാലും ലാഭവിഹിതത്തിൽനിന്ന് ചെലവുകഴിച്ച് മിച്ചമുണ്ടെങ്കിൽ മാത്രം രണ്ടര ശതമാനം നൽകിയാൽ മതി.

ഇതിനു ന്യായീകരണം പറയുന്നവർ പക്ഷേ ഖുർആൻ, സുന്നത്ത്, ഇജ്മാഅ് പോലുള്ള അടിസ്ഥാന പ്രമാണങ്ങളേയോ പൂർവികരും സമകാലികരുമായ പണ്ഡിതന്മാരേയോ ഉദ്ധരിക്കുന്നില്ല! പകരം 'യുക്തി ചിന്ത' യിലധിഷ്ഠിതമായ ഒരു വീക്ഷണമാണ് സമർപ്പിക്കുന്നത്. അത് ഇങ്ങനെ സംഗ്രഹിക്കാം: പത്തുലക്ഷം രൂപ കൈയിലുള്ള ഒരാൾ ഒരു എസ്റ്റേറ്റ് വാങ്ങിയാൽ അതിലെ വിളകൾക്കു മാത്രമേ സകാത്ത് നൽകേണ്ടതുള്ളൂ. മൂലധനത്തിനു നൽകേണ്ടതില്ല. എന്നാൽ ഇതേ പത്തുലക്ഷം മറ്റൊരാൾ ബിസിനസ്സിൽ ഇറക്കുകയാണെങ്കിൽ മൂലധനത്തിനും ലാഭത്തിനും വർഷം പ്രതി സകാത്ത് നൽകണം. ഇത് കച്ചവടക്കാരോട് കാട്ടുന്ന അനീതിയാണ്. അതിനാൽ കച്ചവടത്തിന്റെ മൂലധനത്തിന് സകാത്ത് നൽകേണ്ടതില്ല. ലാഭത്തിനുമാത്രം നൽകിയാൽ മതി.

പ്രഥമ ശ്രവണത്തിൽ ശരിയാണെന്നു തോന്നുന്ന ഈ യുക്തിയുടെ ഏറ്റവും വലിയ ബലഹീനത പ്രമാണങ്ങൾ ഉദ്ധരിക്കപ്പെടാത്തതു തന്നെയാണ്. മാത്രമല്ല, കാർഷിക വിളകൾക്ക് 10 ശതമാനമാണ് സകാത്ത് നൽകേണ്ടതെന്ന വസ്തുതതന്നെ ഇക്കൂട്ടരുടെ വാദത്തിന്റെ മുനയൊടിക്കാൻ പോന്നതാണ്. അതായത് കച്ചവടത്തിൽ മൂലധനം(സ്റ്റോക്ക്)കൂടി കൂട്ടുന്നതുകൊണ്ടു തന്നെയാണ് അതിന്റെ സകാത്ത് വെറും രണ്ടര ശതമാനമായത്. കാർഷിക വിളകൾക്ക് സകാത്ത് പത്തുശതമാനമായത് അതിൽ മൂലധനം കൂട്ടുന്നില്ലായെന്ന ആനുകൂല്യം ഉള്ളതുകൊണ്ടുമത്രെ. അപ്പോൾ ഇതിൽ എവിടെയാണ് അനീതി?

പുതിയ 'ഇജ്തിഹാദ്' മറയാക്കി മൂലധനത്തിനു സകാത്ത് നൽകുന്നത് നിർത്തിവെച്ച നിരവധി ആളുകളുണ്ട്. ജ്വല്ലറികളിലും മറ്റും ലക്ഷങ്ങൾ നിക്ഷേപിച്ചവർ തങ്ങൾക്ക് ലാഭം നേടിത്തരുന്ന മൂലധനത്തെ സകാത്തിൽ നിന്നൊഴിവാക്കി ലാഭവിഹിതത്തിനു മാത്രം നാമമാത്ര സകാത്ത് നൽകുകയാണ് ചെയ്യുന്നത്. പാവപ്പെട്ട മനുഷ്യരുടെ കഞ്ഞിയിൽ പാറ്റവീഴ്ത്തുന്ന ഏർപ്പാടാണിതെന്നു പറയേണ്ടതില്ല.

**ഹസനുൽബന്ന കുഞ്ഞിമംഗലം**

## തിരുത്ത്

**'കേരളമോഡൽ** ആരോഗ്യം തിരിച്ചുപിടിക്കുക' എന്ന കാമ്പയിന്റെ ഭാഗമായി ആലപ്പുഴയിലെ നീർക്കുന്നം, കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി, മലപ്പുറം ജില്ലയിലെ മേലാറ്റൂർ, കോട്ടപ്പടി, താനൂർ, കോഴിക്കോട് ജില്ലയിലെ ഓമശ്ശേരി, രാമനാട്ടുകര, കണ്ണൂർ ജില്ലയിലെ തലശ്ശേരി എന്നിവിടങ്ങളിൽ ഗൈഡൻസ് സെന്ററുകളും ക്ലിനക്കുകളും നിലവിൽ വന്നു എന്ന എന്റെ ലേഖനത്തിലെ പരാമർശം (ലക്കം: 40, ബോക്സിൽ കൊടുത്തത്) തെറ്റാണ്. ചിലയിടങ്ങളിൽ ഭാഗികമായി നിലവിൽ വന്നിട്ടുണ്ട്. മറ്റിടങ്ങളിൽ പ്രാരംഭ പ്രവർത്തനങ്ങൾ നടക്കുന്നതേയുള്ളൂ. തിരുത്തി വായിക്കണമെന്ന് അപേക്ഷിക്കുന്നു.

**ഡോ. സൈജു ഹമീദ്**
**ജന. സെക്രട്ടറി,**
**എത്തിക്കൽ മെഡിക്കൽ ഫോറം**

# സോളിഡാരിറ്റിയും മദ്യവിരുദ്ധ സമരവും

**അട്ടപ്പാടിയിലെ** വ്യാജ വാറ്റുകേന്ദ്രങ്ങൾക്കെതിരായ സമരത്തിൽ സോളിഡാരിറ്റി പങ്കെടുത്തതിനെ വികലമായി വ്യാഖ്യാനിച്ച് നിർവൃതിയടയുകയാണ് ചിലർ. വ്യാജമദ്യത്തോട് മാത്രമേ സോളിഡാരിറ്റിക്ക് എതിർപ്പുള്ളൂ എന്നാണവരുടെ കണ്ടെത്തൽ. ഇക്കൂട്ടരുടെ വീക്ഷണത്തിൽതന്നെ പരമമായ അനുസരണത്തിനുപോലും 'പ്രാമാണിക'മായി അർഹതയുള്ള മൂല്യരഹിത ഭരണകൂടങ്ങൾ നിയമപരമായി അംഗീകരിച്ച 'ഒറിജിനൽ' മദ്യത്തിനെതിരായ പ്രക്ഷോഭങ്ങൾക്ക് പരിമിതികളുണ്ടെങ്കിലും, മദ്യനിരോധന സമിതി ഉൾപ്പെടെയുള്ള കൂട്ടായ്മകളെ ആളും അർഥവും നൽകി പരിപോഷിപ്പിക്കുന്ന മുഖ്യകക്ഷികളാണ് ജമാഅത്തെ ഇസ്‌ലാമിയും അതിന്റെ യുവജന വിഭാഗവുമെന്നത് ഇവർ മറക്കുന്നു. ലഹരി, അശ്ലീലത, ചൂതാട്ടങ്ങൾക്കെതിരെ സോളിഡാരിറ്റി നടത്തിയ കാമ്പയിനും ശ്രദ്ധേയമാണ്. കലാലയങ്ങളിലെ വിനോദയാത്രകളിലും ആഘോഷവേളകളിലും നടക്കുന്ന മദ്യസേവക്കെതിരെ എസ്.ഐ.ഒ നടത്തുന്ന ഇടപെടലുകളും എടുത്തുപറയേണ്ടതാണ്. പ്രസ്ഥാനത്തിന്റെ ജനസേവന വിഭാഗം (ഐ.ആർ.ഡബ്ലിയു) മദ്യത്തിനടിപ്പെട്ടവരെ ജീവിതത്തിലേക്കും ധാർമികതയിലേക്കും മടക്കിക്കൊണ്ടുവരാനുള്ള ഡി-അഡിക്ഷൻ ക്യാമ്പുകൾ സംസ്ഥാനത്തുടനീളം വിജയപ്രദമായി നടത്തിവരുന്നു.

ഈ മേഖലകളിലേക്കൊന്നും എത്തിനോക്കുക പോലും ചെയ്യാതെ, കൈകെട്ടിലും വിരലനക്കത്തിലും അനാവശ്യവാശി അജണ്ടയായി കൊണ്ടു നടക്കുന്നവർക്ക് സോളിഡാരിറ്റിയുടെ വ്യാജവാറ്റ് വിരുദ്ധ സമരം അരോചമാകുന്നത് സ്വാഭാവികം. സാമൂഹിക തിന്മകൾക്കെതിരായ ഇടപെടലുകളും ഇസ്‌ലാഹീ പ്രവർത്തനത്തിന്റെ ഭാഗമാക്കണമെന്ന് സുചിന്തിതമായി അഭിപ്രായപ്പെട്ട തങ്ങളിലെ എതിർഗ്രൂപ്പുകാർക്കെതിരെ 'ആദർശവ്യതിയാനം' ആരോപിച്ചവരാണ് ഇവർ എന്നതും കൂട്ടിവായിക്കേണ്ടതാണ്.

**മുഹമ്മദ് ശഹീർ മാഹി**

## ചുരുക്കെഴുത്ത്

**ഏതാനും** വർഷങ്ങളായി ഹിജ്റ മാസപ്പിറവി കേരളത്തിൽ വിവാദമാണ്. സമുദായത്തിലെ ഒരു വിഭാഗം മാസപ്പിറവി ഉറപ്പിക്കുന്നു. മറ്റു വിഭാഗങ്ങൾ അത് അംഗീകരിക്കുന്നില്ല. മാസം ഉറപ്പിക്കുന്ന നിലവിലുള്ള എല്ലാ ഏജൻസികളും പിൻമാറുകയും കേരള വഖഫ് ബോർഡ് ആ ചുമതല ഏറ്റെടുക്കുകയും ചെയ്താൽ ഈ പ്രശ്നം പരിഹരിക്കാം. ഏറെക്കുറെ എല്ലാ സംഘടനകൾക്കും പ്രാതിനിധ്യമുണ്ടല്ലോ വഖഫ് ബോർഡിൽ. മിക്ക മുസ്‌ലിം രാജ്യങ്ങളിലും ഔഖാഫ് മന്ത്രാലയമാണ് മാസപ്പിറവി നിശ്ചയിക്കുക. ഇത് കേരളത്തിലും നടപ്പാക്കാവുന്നതേയുള്ളൂ.

**അഹ്മദ് കടവത്തൂർ**

**കടലിന്റെ** മക്കളെ കുടിയിറക്കി, വികസനത്തിന്റെ പേരിൽ തീരദേശങ്ങളിൽ ആഗോള മുതലാളിത്തം നങ്കൂരമിട്ടിരിക്കുന്നു. തീരദേശ മത്സ്യത്തൊഴിലാളികളെ കൊടുംചതിയിൽ പെടുത്തുകയാണ് സ്വാമിനാഥൻ റിപ്പോർട്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവന മാർഗം തടസ്സപ്പെടുത്തുന്ന നിരവധി പദ്ധതികളാണ് ഖനനലോബികളും വിദേശ മുതലാളിമാരും കൊണ്ടുവരുന്നത്.

**നേമം താജുദ്ദീൻ**
**തിരുവനന്തപുരം**

**'പ്രവാചകനിൽ** നിങ്ങൾക്ക് ഉത്തമ മാതൃകയുണ്ട്' എന്ന് അർഥം വരുന്ന ഖുർആനിലെ *അൽ അഹ്സാബ്* അധ്യായത്തിലെ 21-ാം സൂക്തം മിക്ക പ്രഭാഷകരും പിശകുവരുത്തിയാണ് ഉദ്ധരിക്കാറുള്ളത്. 'വലകും ഫീ റസൂലില്ലാഹി ഉസ്‌വതുൻ ഹസന' എന്നല്ല പ്രസ്തുത സൂക്തം. ഈ വാക്യത്തിന്റെ തുടക്കത്തിൽ 'വാവ്' ഉച്ചരിക്കുന്നത് അധികമാണ്. 'ലഖദ് കാന ലകും ഫീ റസൂലില്ലാഹി ഉസ്‌വതുൻ ഹസന' എന്നാണ് ഖുർആനിലുള്ളത്.

**അബൂഅമാൻ മൂഴിക്കൽ**

**വധുവിന്** 3 ലക്ഷവും 30 പവനുമാണ് ഒരു കൂലിത്തൊഴിലാളി വരൻ സ്ത്രീധനമായി ആവശ്യപ്പെട്ടത്. വേറെ വഴിയൊന്നുമില്ലാതെ വധുവിന്റെ പിതാവ് നോട്ടീസിറക്കി മഹല്ലുതോറും കറങ്ങിക്കൊണ്ടിരിക്കുന്നു. ആരാണ് ഈ വൃത്തികെട്ട ദുരാചാരത്തിന് ഉത്തരവാദി? സമൂഹവും മതനേതൃത്വവും തന്നെ! കമീഷനുള്ളതുകൊണ്ട് മഹല്ല് കമ്മിറ്റിയുടെയും നാവനങ്ങുന്നില്ല. ഇത്തരക്കാരുടെ മൗനാനുവാദമാണിതിന് വളം.

**കെ.ടി അശ്കർ തുവ്വൂർ**